No. T8/131924/2015 /PHQ
പോലീസ് ആസ്ഥാനം, കേരളം
തീയതി : 10/09/2015

സർക്കുലർ നം: 36/ 2015

വിഷയം: ഇന്റർനെറ്റ് ദുർവിനിയോഗവുമായി ബന്ധപ്പെട്ട സൈബർ കുറ്റകൃത്യങ്ങളിൽ കേസന്വേഷണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

ബഹു: ഇൻഡ്യൻ സുപ്രീം കോടതി 24/03/2015-ൽ Shreya Singhal Vs. Union of India എന്ന കേസിൽ പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായമനുസരിച്ച് 2000ലെ വിവര സാങ്കേതിക നിയമം 66-A വകുപ്പ്, 2011ലെ കേരളാ പോലീസ് നിയമം 118 (d) വകുപ്പ് എന്നിവ ഇൻഡ്യൻ ഭരണഘടനയുടെ അനുഛേദം 19(1)(a) യുടെ ലംഘനമാകയാൽ അസാധുവാക്കപ്പെട്ടിട്ടുണ്ട്. അതിനാൽ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾക്ക് കീഴിൽ ഇനിമേൽ കേസ്സ് രജിസ്റ്റർ ചെയ്യാവുന്നതല്ല. എന്നാൽ സമീപകാലത്ത് ഇന്റർനെറ്റ് ദുർവിനിയോഗം അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവരസാങ്കേതികനിയമപ്രകാരം വിധിക്കപ്പെട്ടിട്ടുള്ള യാതൊരു നഷ്ടപരിഹാരമോ ചുമത്തപ്പെട്ടിട്ടുള്ള ശിക്ഷയോ കണ്ടുകെട്ടലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻ കീഴിൽ നഷ്ടപരിഹാരം വിധിക്കുന്നതിനോ ശിക്ഷ ചുമത്തുന്നതിനോ കണ്ടുകെട്ടുന്നതിനോ തടസ്സമാകുന്നില്ലായെന്ന് പ്രസ്തുത നിയമത്തിന്റെ 77-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. ഓൺലൈൻ മീഡിയയുടെ ദുർവിനിയോഗം നിയന്ത്രിതമാക്കി അസാധുവാക്കപ്പെട്ട നിയവ്യവസ്ഥകൾക്കു കീഴിൽ ഉൾപ്പെട്ടുവരുന്ന കുറ്റകൃത്യങ്ങളിൽ നിയമനടപടികൾ സ്വീകരിക്കുന്നത് സാദ്ധ്യമാക്കുന്നതിനായി അവ മറ്റു നിയമവ്യവസ്ഥകളുടെ പരിധിയിൽ ഉൾപ്പെട്ടുവരുന്നതാണോ എന്ന് നിർബന്ധമായും പരിശോധിച്ചിരിക്കേണ്ടതാണെന്ന് ഇതിനാൽ നിഷ്കർഷിക്കുന്നു.

ബഹു: സുപ്രീം കോടതി അസാധുവാക്കിയ 2000ലെ വിവര സാങ്കേതിക നിയമം 66 A വകുപ്പ്, 2011ലെ കേരളാ പോലീസ് നിയമം 118(d) വകുപ്പ് എന്നിവയുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടാൽ അവ വിവരസാങ്കേതിക നിയമത്തിലേയും കേരളാ പോലീസ് നിയമത്തിലേയും നിലനിൽക്കുന്ന സാധുവായ മറ്റ് വ്യവസ്ഥകൾ, ഇൻഡ്യൻ ശിക്ഷാ നിയമത്തിലെയും, മററ് സ്പെഷ്യൽ നിയമങ്ങളിലെയും വ്യവസ്ഥകൾ എന്നിവയുടെ കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതാണോ എന്ന് കർശനമായി പരിശോധിച്ചിരിക്കേണ്ടതും, തദനുസരണം നിയമനടപടികൾ സ്വീകരിച്ചിരിക്കേണ്ടതുമാണ്. ഉദാഹരണത്തിന്, സ്ത്രീകളുമായി ബന്ധപ്പെട്ടുള്ള ഇന്റർനെറ്റ് ദുർവിനിയോഗങ്ങൾക്ക് വിവരസാങ്കേതിക നിയമം 66-C, 66-D, 66-E, 67 എന്നീ വകുപ്പുകളും കേരള പോലീസ് നിയമം 119, 120(o), 120 (q), 121, ഇൻഡ്യൻ ശിക്ഷാനിയമം 290, 292, 294 (b), 354 D, 509 എന്നീ വകുപ്പുകളും 1986ലെ Indecent Representation of Women(Prohibition) Act - പോലെയുള്ള സ്പെഷ്യൽ നിയമങ്ങളിലെ വ്യവസ്ഥകളും ബാധകമാക്കാവുന്നതാണോ എന്ന് പരിശോധിക്കാവുന്നതാണ്. കേരള പോലീസ് നിയമം 120(o) വകുപ്പ്, ഇൻഡ്യൻ ശിക്ഷാനിയമം 124A, 153A, 295A, 500, 505, 506, 509 എന്നീ വകുപ്പുകൾ, വിവരസാങ്കേതിക നിയമം 66E, 67, 67A, 67B എന്നീ വകുപ്പുകൾ തുടങ്ങിയവ ഓൺലൈൻ മീഡിയയുടെ ദുർവിനിയോഗവുമായി ബന്ധപ്പെട്ട കേസുകളിലും ഓരോ കേസിന്റേയും വസ്തുതകൾ കണക്കിലെടുത്ത് ബാധകമാക്കാവുന്നതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ പോലീസ് മേധാവിമാരും റേഞ്ച് ഐ ജി പി മാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ടി. പി. സെൻകുമാർ ഐ. പി. എസ്.
സംസ്ഥാന പോലീസ് മേധാവി

CoB TELE PHQrs.
Copy Received for Tx only
(Except Local Delivery)
10 SEP 2015
Time: 1352 Sign: 

സ്വീകർത്താവ്: എല്ലാ ലിസ്റ്റ് 'ബി' ഓഫീസർമാർക്കും - അറിവിലേയ്ക്കും, അനന്തര നടപടിയ്ക്കുമായി